# ക്രിയേറ്റീവ് റൈറ്റിങ്

*(എട്ഗർ കെരെറ്റ്)*

*[മൂലകഥ ഹിബ്രുവിൽ]*

സാധാരണ രീതിയിലുള്ള പ്രത്യുൽപ്പാദനക്രിയയ്ക്കു പകരം, ഓരോരുത്തരും രണ്ടായി പിളർന്ന് സന്തതികളെ സൃഷ്ടിക്കുന്ന സങ്കല്പലോകത്തെക്കുറിച്ചാണ് മായ ആദ്യകഥ എഴുതിയത്. അവിടെ, ഓരോരുത്തർക്കും ഏതു നിമിഷവും, ലിംഗഭേദമെന്യെ, പാതി പ്രായമുള്ള രണ്ടു വ്യക്തികളായി മാറാൻ കഴിയും. ചിലർ ചെറുപ്പത്തിൽ തന്നെ ഈ കഴിവ് വിനിയോഗിച്ചു; ഉദാഹരണത്തിന്, ഒരു പതിനെട്ടുകാരനോ/കാരിക്കോ ഒമ്പതു വയസ്സുള്ള രണ്ടു കുട്ടികളായി മാറാൻ കഴിയും. ചിലർ, തൊഴിൽപരമായും സാമ്പത്തികമായും ഉന്നതനില എത്താൻ കാത്തിരുന്നതിനാൽ, മദ്ധ്യവയസ്സ് കഴിഞ്ഞു മാത്രമേ ഈ വിഘടനക്രിയയിൽ എർപ്പെട്ടുള്ളു. എന്നാൽ മായയുടെ കഥാനായിക പിളരാൻ കൂട്ടാക്കിയില്ല. അങ്ങിനെ സാമൂഹ്യസമ്മർദ്ദത്തിനു വഴങ്ങാതെ, സന്തതോൽപ്പാദനക്രിയയിൽ പങ്കെടുക്കാതെ, എൺപതു താണ്ടിയ നായിക, കഥാന്ത്യം വീരചരമം പ്രാപിക്കുന്നു.

കഥാവസാനം മാറ്റിനിറുത്തിയാൽ അതൊരു നല്ല കഥ തന്നെ. അതിന് എന്തോ മ്ലാനഭാവമുണ്ടെന്ന് അവിയഡിനു തോന്നി. ഉന്മേഷം കെടുത്തുന്ന, മുൻകൂട്ടി കാണാൻ കഴിയുന്ന പര്യവസാനം. എന്നാൽ മായ ഈയിടെ ചേർന്ന ക്രിയേറ്റീവ് റൈറ്റിങ് കോഴ്സിൽ ഈ കഥ വളരെ പ്രശംസ പിടിച്ചുപറ്റി. സാമാന്യം പ്രശസ്തനായ എഴുത്തുകാരൻ അദ്ധ്യാപകൻ (അവിയഡ് അയാളെക്കുറിച്ച് അത്ര കേട്ടിട്ടില്ലെങ്കിലും), ആത്മാവിനെ മഥിക്കുന്ന എന്തോ ഒരു സാർവ്വത്രികതയോ മറ്റോ അതിലുണ്ടെന്ന് അവളോട് പറഞ്ഞു. ഈ പ്രശംസ മായയെ എത്ര സന്തോഷവതിയാക്കിയെന്ന് അവിയഡ് അറിഞ്ഞു. ഇക്കാര്യം അവിയഡിനേട് പറഞ്ഞപ്പോൾ മായ ഊർജ്ജസ്വലയായിരുന്നു. എഴുത്തുകാരൻ അദ്ധ്യാപകൻ പറഞ്ഞതപ്പടി, ബൈബിൾവാക്യം ഉദ്ധരിക്കുന്നപോലെ, അവൾ പലരോടും ഉരുവിട്ടു. കഥയ്ക്ക് മറ്റൊരു പരിണാമഗുപ്തി നേരത്തേ നിർദ്ദേശിച്ചിരുന്ന അവിയഡാകട്ടെ, ഇതെല്ലാം വ്യക്തിഗത ഇഷ്ടാനിഷ്ടങ്ങളാണെന്നും, ഈ വിഷയത്തിൽ തന്റെ ധാരണ വേണ്ടത്ര ശക്തമല്ലെന്നും പറഞ്ഞ് പിൻവാങ്ങുകയാണുണ്ടായത്.

ഒരു ക്രിയേറ്റീവ് റൈറ്റിങ് ശില്പശാലയിൽ ചേരാൻ മായയെ പ്രേരിപ്പിച്ചത് അമ്മയായിരുന്നു. സുഹൃത്തിന്റെ മകൾ ഇതുപോലെ ഒന്നിൽ ചേർന്നുവെന്നും, അത് അവൾക്ക് വളരെ ഇഷ്ടപ്പെട്ടുവെന്നും അമ്മ മായയോട് പറഞ്ഞിരുന്നു. മായ പുറംലോകവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്യുന്നത് നല്ലതായിരിക്കുമെന്ന് അവിയഡിനും തോന്നി. അവന് ജോലിയിൽ മുഴുകി എത്ര വേണമെങ്കിലും സമയം പോക്കാം; എന്നാൽ, മായ, ഈയിടെയുണ്ടായ ഗർഭലസലിനു ശേഷം വീടു വിടാറുണ്ടായിരുന്നില്ല. അവിയഡ് എപ്പോൾ പുറത്തുനിന്നു വന്നാലും മായ സ്വീകരണമുറിയിലെ സോഫയിൽ അലക്ഷ്യമായി ഇരിക്കുന്നുണ്ടാവും – വായനയില്ലാതെ; ടി.വി. കാണാതെ; ഒന്ന് കരയാൻ പോലും കഴിയാതെ. ഈ കോഴ്സിനു ചേരാൻ മായ സംശയിച്ചു നിന്നപ്പോൾ, പ്രേരകമായ അനുനയത്തോടെ അവിയഡ് ഉപദേശിച്ചു, “ഒന്ന് പോയി ശ്രമിച്ചു നോക്കു, കുട്ടികൾ കേമ്പിനു പോകുന്ന പോലെ.” കുട്ടികളുമായുള്ള താരതമ്യം (പ്രത്യേകിച്ചും, രണ്ടു മാസം മുമ്പു കഴിഞ്ഞ ആ സംഭവം ഓർത്ത്) അവളുടെ മനസ്സിനെ മുറിപ്പെടുത്തിയിരിക്കുമോ എന്ന് അവിയഡിന് പിന്നീട് വിഷമം തോന്നിയെങ്കിലും, മായ, ചെറുമന്ദഹാസത്തോടെ, പകൽ കേമ്പിനു പോകുന്നതാണ് ഇപ്പോൾ അവൾക്ക് ആവശ്യമെന്ന് പറഞ്ഞു.

മായ എഴുതിയ രണ്ടാമത്തെ കഥയിലെ ലോകത്തെ വ്യക്തികൾക്ക്, തങ്ങൾ ഇഷ്ടപ്പെട്ടിരുന്ന ആളുകളെ *മാത്രമേ* കാണാൻ കഴിഞ്ഞിരുന്നുള്ളൂയെന്ന പ്രത്യേകത ഉണ്ടായിരുന്നു. ഭാര്യയെ സ്നേഹിച്ചിരുന്ന വ്യക്തിയായിരുന്നു അതിലെ പ്രധാന കഥാപാത്രം. ഒരു ദിവസം, കയ്യിൽ വെള്ളവുമായി ഇടനാഴികയിലൂടെ നടന്നുനീങ്ങിയിരുന്ന കഥാനായകനെ എതിരെ വന്നിരുന്ന ഭാര്യ കൂട്ടിയിടിച്ച് തകർന്ന ഗ്ലാസ്സ് തറയിൽ ചിന്നിച്ചിതറി. മറ്റൊരു ദിവസം, ചാരുകസേരയിൽ മയങ്ങിക്കിടന്നിരുന്ന അയാളുടെ മടിയിൽ അവൾ അറിയാതെ ചെന്നിരുന്നു. രണ്ടു സന്ദർഭങ്ങളിലും ക്ഷമാപണത്തോടെ ഒഴിയാൻ ശ്രമിച്ച അവൾ, താൻ എന്തൊക്കെയോ ആലോചിച്ച് നടക്കുകയായിരുന്നെന്നും, കസേരയിൽ ഇരുന്ന സമയം സൂക്ഷ്മക്കുറവുണ്ടായിരുന്നെന്നും പറഞ്ഞു. അപ്പോഴേക്കും, അവൾ തന്നെ തീരെ സ്നേഹിക്കുന്നില്ലെന്ന തോന്നൽ ഭർത്താവിൽ സംശയമായി പടർന്നു. തന്റെ ഈ സിദ്ധാന്തം പരീക്ഷിക്കാൻ അയാൾ തെല്ല് കടുത്ത ഒരു പ്രയോഗം നടത്തി: ഇടതു വശത്തെ മീശ പാതി വടിച്ചുകളഞ്ഞ് വീട്ടിലെത്തി. കാറ്റാടിപുഷ്പങ്ങളുടെ ഒരു ബൊക്കെ അവൾക്ക് നീട്ടി. നന്ദിയോടെ ബൊക്കെ സ്വീകരിച്ച് അവൾ പുഞ്ചിരിച്ചു. തന്നെ ഉമ്മ വെക്കാൻ അവൾ തപ്പിത്തടയുന്നത് അയാൾ അറിഞ്ഞു. ഈ

കഥയ്ക്ക് മായ, "പാതി വടിച്ച മീശ" എന്ന് പേരിട്ടു.  ക്ലാസ്സിൽ ഈ കഥ ഉറക്കെ വായിച്ചപ്പോൾ ചിലരെങ്കിലും തേങ്ങിക്കരഞ്ഞുവെന്ന് മായ പറഞ്ഞപ്പോൾ, അവിയഡ്, *ഹാവൂ* എന്ന് നിശ്വസിച്ച്, അവളുടെ മൂർദ്ധാവിൽ ചുംബിച്ചു.  ആ രാത്രി, താൻ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്ന സന്ദേശമോ മറ്റോ മായ കൈമാറിയില്ല എന്നറിഞ്ഞപ്പോൾ, അവിയഡ് കുറച്ച് ഒച്ചവെച്ചു. അല്പം കഴിഞ്ഞ്, തനിക്ക് ഇന്ന് ജോലിയിൽ കടുത്ത സമ്മർദ്ധമായിരുന്നെന്ന് പറഞ്ഞ് മാപ്പപേക്ഷിച്ച അവിയഡ്, അവളുടെ കാൽ തിരുമ്മി തന്റെ പൊട്ടിത്തെറിക്ക് പരിഹാരം തേടി.  മായയാകട്ടെ അനുകൂല ചലനത്തോടെ അയാൾക്ക് മാപ്പ് കൊടുത്തു.

മായയുടെ വർക്ക്ഷോപ്പ് അദ്ധ്യാപകൻ ഒരു നോവലും ഒരു ചെറുകഥാസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. വൻ വിജയമൊന്നായിരുന്നില്ലെങ്കിലും രണ്ട് പുസ്തകങ്ങൾക്കും ചില നല്ല റിവ്യൂ ലഭിച്ചിരുന്നു – അവിയഡിന്റെ ഓഫീസിനടുത്തുള്ള പുസ്തക ഷോപ്പിലെ വില്പനക്കാരി പറഞ്ഞ അറിവ്.  അറുനൂറിലധികം പേജുള്ള നോവലിനു പകരം, അദ്ദേഹത്തിന്റെ ചെറുകഥാസമാഹാരം അവിയഡ് വാങ്ങി. ഓഫീസിലെ ഡെസ്കിൽ സൂക്ഷിച്ച ആ പുസ്തകം ഉച്ചയ്ക്കുള്ള ഇടവേളകളിൽ കുറേശ്ശയായി വായിച്ചു.  വിദേശങ്ങളിലെ വിവിധ സ്ഥലങ്ങളിൽ സംഭവിച്ച കഥകൾ.  ഒരു തരം കൗശലമെന്നു തോന്നി. പുറഞ്ചട്ടയിലെ വിവരമനുസരിച്ച് എഴുത്തുകാരൻ വളരെക്കാലം ക്യൂബയിലും ആഫ്രിക്കയിലും ടൂറിസ്റ്റ് ഗൈഡായി ജോലി ചെയ്തിരുന്നെന്നും, അയാളുടെ യാത്രാനുഭവങ്ങൾ എഴുത്തിൽ സ്വാധീനം ചെലുത്തിയിരുന്നെന്നും അവിയഡ് മനസ്സിലാക്കി.  പുറഞ്ചട്ടയിൽ അയാളുടെ ഒരു ചെറിയ ബ്ലേക്ക് ഏന്റ് വൈറ്റ് ചിത്രവും ഉണ്ടായിരുന്നു. തന്റെ അസ്തിത്വത്തിൽ സന്തോഷിക്കുന്ന ഒരുവനേപ്പോലെ ആ ചിത്രം വിടർന്നു പുഞ്ചിരി തൂകി.  വർക്ക്ഷോപ്പ് കഴിഞ്ഞാൽ അവളുടെ കഥകൾ തന്റെ എഡിറ്റർക്ക് അയയ്ക്കാമെന്ന് അയാൾ പറഞ്ഞെന്ന് മായ അവിയഡിനോട് പറഞ്ഞു. ഒപ്പം, വളരെ പ്രതീക്ഷയൊന്നും വേണ്ടെന്നും; എന്നാൽ ഇക്കാലത്ത് പ്രസാധകർ വാസനാസമ്പന്നരായ നവാഗതരെ കിട്ടാതെ നട്ടം തിരിയുകയാണെന്നും അയാൾ പറഞ്ഞത്രെ!

അവളുടെ മൂന്നാമത്തെ കഥയുടെ തുടക്കം തമാശയ്ക്ക് വക തരുന്നതായിരുന്നു. ഒരു പൂച്ചക്കുഞ്ഞിനു ജന്മം കൊടുത്ത സ്ത്രീയുടെ കഥ. ആ പൂച്ച തന്റെ കുഞ്ഞല്ലെന്ന് സംശയിച്ച ഭർത്താവായിരുന്നു കഥാനായകൻ. ആ തടിയൻ കാടൻപൂച്ച അവരുടെ കിടപ്പുമുറിയുടെ ജനലിനു താഴെയുള്ള എച്ചിൽപാത്രത്തിന്റെ മൂടിയിൽ കിടന്നുറങ്ങി.  ഓരോ തവണയും ഗാർബേജ്

കളയാൻ പോകുമ്പോൾ, ആ കാഴ്ച അയാളിൽ നീരസം കലർന്ന ദയനീയഭാവം ഉണ്ടാക്കി. ഒരു ദിവസം അയാളും പൂച്ചയും തമ്മിൽ ഭയങ്കര ഏറ്റുമുട്ടലുണ്ടായി. അയാളുടെ കല്ലേറേറ്റ പൂച്ച, കടിച്ചും മാന്തിയും പകരം വീട്ടി. പരിക്കേറ്റ ഭർത്താവും പൂച്ചക്കുഞ്ഞിനു മുലയൂട്ടി ഭാര്യയും, പേയിളകാതിരിക്കാൻ കുത്തിവെപ്പിനായി ക്ലിനിക്കിലേക്കു പോയി. അവർ പുറത്ത് കാത്തിരിക്കുമ്പോൾ, വേദനയും അപമാനവും ഉള്ളിലൊതുക്കി അയാൾ കരയാതിരിക്കാൻ ശ്രമിച്ചു. അയാളുടെ സഹനം മണത്തറിഞ്ഞ ചൂച്ചക്കുഞ്ഞ് അമ്മയുടെ ഒക്കിൽ നിന്ന് ചാടിയിറങ്ങി, അയാളുടെ ചാരത്തണഞ്ഞ്, മ്യാവൂ എന്ന് ആശ്വസിപ്പിച്ച്, കവിളിൽ മൃദുലമായി നക്കി. “നിങ്ങളത് കേട്ടോ,” വികാരപരവശയായി അവൾ കൂട്ടിച്ചേർത്തു, “അവൻ ഡാഡിയെന്നാണ് വിളിച്ചത്!” അന്നേരം അയാൾക്ക് കണ്ണീരടക്കാൻ കഴിഞ്ഞില്ല. അവിയഡിനും ആ ഭാഗം വായിച്ചപ്പോൾ കരയാതിരിക്കാൻ നന്നേ പണിപ്പെടേണ്ടി വന്നു. അവൾ ഗർഭം ധരിക്കുന്നതിനു മുമ്പു തന്നെ ഈ കഥ എഴുതിയിരുന്നുവെന്ന് മായ അവിയഡിനോട് പറഞ്ഞു. “ഇത് വിചിത്രമല്ലേ? എന്റെ ബുദ്ധിയിൽ ഉദിക്കാത്ത ചിന്ത, അബോധമനസ്സ് എങ്ങിനെ അറിഞ്ഞു?” അവൾ ചോദിച്ചു.

അടുത്ത ചൊവ്വാഴ്ച്ച, അവളെ കൂട്ടിക്കൊണ്ടുവരാൻ പോയ അവിയഡ്, അര മണിക്കൂർ നേരത്തേ സ്കൂളിൽ എത്തിപ്പെട്ടു. കാറ് പാർക്ക് ചെയ്ത് അവളെ നോക്കാൻ നേരെ ക്ലാസ്സിലേക്ക് പോയി. അവിയഡിനെ ക്ലാസ്സുമുറിയിൽ കണ്ടപ്പോൾ മായ അത്ഭുതത്തോടെ നോക്കി. അവിയഡ് നിർബ്ബന്ധിച്ചപ്പോൾ മായ അയാളെ എഴുത്തുകാരൻ അദ്ധ്യാപകനെ പരിചയപ്പെടുത്തി. അയാൾ കൈ പിടിച്ച് കുലുക്കിയപ്പോൾ, അയാളുടെ ദേഹത്തു നിന്നും ലോഷന്റെ മനം മടുപ്പിക്കുന്ന മണം വരുന്നതായി അവിയഡിനു തോന്നി. മായ നിങ്ങളെ ഭർത്താവായി വരിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ ഒരു അസാധാരണ പുരുഷൻ തന്നെയാവണം എന്ന് അയാൾ കൂട്ടിച്ചേർത്തു.

മൂന്ന് ആഴ്ച കഴിഞ്ഞപ്പോൾ അവിയഡും ക്രിയേറ്റീവ് റൈറ്റിങ്ങിന്റെ ഒരു പ്രാരംഭ ക്ലാസ്സിൽ ചേർന്നു. അവിയഡ് ഇതിനെപ്പറ്റി മായയോട് ഒരക്ഷരം മിണ്ടിയില്ല; തന്നെയുമല്ല, വീട്ടിൽ നിന്നും ആരെങ്കിലും വിളിച്ചാൽ താൻ ഒരു പ്രധാന മീറ്റിങ്ങിലാണെന്നും, ഇപ്പോൾ ശല്യപ്പെടുത്താനാവില്ലെന്നും പറയാൻ ഏല്പിച്ചു. ക്ലാസ്സിലെ സഹപാഠികളെല്ലാം മദ്ധ്യവയസ്സു കഴിഞ്ഞ സ്ത്രീകളായിരുന്നു; അവർ അവനെ ഹീനഭാവത്തോടെ നോക്കി. ശിരോവസ്ത്രമണിഞ്ഞ അവരുടെ മെലിഞ്ഞ അദ്ധ്യാപികയ്ക്ക്

കേൻസറുണ്ടെന്നും, അവൾ അധിനിവേശപ്രദേശത്തെ താമസക്കാരിയാണെന്നും അടക്കം പറഞ്ഞു.  സർഗ്ഗഭാവനയെ സ്വയംപ്രേരണയാൽ ഉദ്ദീപിപ്പിച്ച് എന്തെങ്കിലും കുത്തിക്കുറിക്കാൻ അവൾ അവരോട് ആവശ്യപ്പെട്ടു.  "നിങ്ങളുടെ തലയിൽ തോന്നുന്നതെന്തും എഴുതൂ" എന്ന് അവൾ പറഞ്ഞു; "അധികം ചിന്തിക്കാതെ പെട്ടെന്ന് എഴുതൂ."  അവിയഡ് ചിന്തയ്ക്കു വിരാമമിട്ട് എഴുതാൻ നോക്കിയപ്പോൾ, അത് എത്ര ശ്രമകരമെന്നറിഞ്ഞു.  പേന താഴെ വെച്ച് എഴുത്ത് നിറുത്താൻ പരീക്ഷാന്ത്യത്തിൽ അദ്ധ്യാപകൻ പറയുമ്പോൾ പരക്കംപായുന്ന കുട്ടിയുടെ തിടുക്കത്തോടെ എഴുതിക്കൊണ്ടിരുന്ന ഒരു പ്രായമായ സ്ത്രീ അവിയഡിന്റെ അരികത്തിരുന്നിരുന്നു.  അല്പനേരത്തിനു ശേഷം അയാളും എഴുതാൻ തുടങ്ങി.

അവിയഡ് ഒരു മത്സ്യത്തെക്കുറിച്ചാണ് എഴുതിയത്.  കടലിൽ ആഹ്ലാദത്തോടെ നീന്തിയ മത്സ്യം.  അതിനെ ഒരു ക്ഷുദ്രമന്ത്രവാദിനി മനുഷ്യനാക്കി മാറ്റി.  ഈ രൂപാന്തരണവുമായി പൊരുത്തപ്പെടാൻ കഴിയാഞ്ഞ്, തന്നെ വീണ്ടും മത്സ്യമാക്കി മാറ്റാൻ അയാൾ ക്ഷുദ്രമന്ത്രവാദിനിയെ തിരഞ്ഞ് നടന്നു.  പൂർവ്വജന്മത്തിൽ സാഹസോദ്യമങ്ങളിൽ എടുത്തുചാടുന്ന സ്വഭാവക്കാരനായിരുന്ന ആ മത്സ്യം, മന്ത്രവാദിനിയെ പിന്തുടരുന്നതിന്നിടയിൽ, ഒരു വിവാഹബന്ധത്തിൽ ഏർപ്പെട്ടു; കൂടാതെ, പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വിദൂരപൂർവ്വദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഒരു ചെറുകമ്പനിയും സ്ഥാപിച്ചു. മത്സ്യജീവിതകാലത്ത് ഏഴാം കടലിനക്കരെ ഊളയിട്ടു പ്രയാണം ചെയ്തു നേടിയ അപാര അറിവിന്റെ വെളിച്ചത്തിൽ, അയാളുടെ സ്ഥാപനം അഭിവൃദ്ധി പ്രാപിച്ച് പബ്ളിക് കമ്പനിയായി മാറി.  ഇതിന്നിടയിൽ, കാലങ്ങളായുള്ള ക്ഷുദ്രപ്രവൃത്തികളിൽ മനം മടുത്ത മന്ത്രവാദിനി, തന്റെ ആഭിചാരക്രിയയിലൂടെ രൂപാന്തരീകരണം സംഭവിച്ച എല്ലാവരേയും തേടിപ്പിടിച്ച് മാപ്പിരക്കാനും, അവരെ പൂർവ്വസ്ഥിതിയിൽ കൊണ്ടുവരാനും തീരുമാനിച്ചു.  ഒരു സന്ദർഭത്തിൽ ആ മന്ത്രവാദിനി, താൻ മനുഷ്യനാക്കി മാറ്റിയ മത്സ്യത്തെ അന്വേഷിച്ചു ചെന്നു. തൈവാനിലെ ബിസിനസ്സ് പങ്കാളിയുമായുള്ള അയാളുടെ സാറ്റലേറ്റ് മീറ്റിങ് കഴിയുന്നതുവരെ കാത്തിരിക്കാൻ സെക്രട്ടറി അവളെ അറിയിച്ചു.  ജീവിതത്തിലെ ഈ ഘട്ടത്തിൽ, താൻ വാസ്തവത്തിൽ ഒരു മത്സ്യമായിരുന്നുവെന്നു പോലും അയാൾ മറന്നിരുന്നു.  ഇതിനകം അയാളുടെ കമ്പനി ഒരർദ്ധലോകം മുഴുവൻ വ്യാപിച്ചു വളർന്നിരുന്നു.  അയാളുടെ മീറ്റിങ് എളുപ്പം തിരാൻ പോകുന്നില്ലെന്ന് മണിക്കൂറുകളുടെ കാത്തിരിപ്പിനു ശേഷം തിരിച്ചറിഞ്ഞ

മന്ത്രവാദിനി, തന്റെ മാന്ത്രികത്തളികയിൽ കയറി പറന്നുപോയി. കച്ചവടത്തിൽ കൂടുതൽ കൂടുതൽ പുരോഗതി പ്രാപിച്ച അയാൾ കാലാന്തരേണ വാർദ്ധക്യത്തിലെത്തി. റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ ലാഭം കൊയ്ത കാലത്ത് കടൽതീരത്ത് വാങ്ങിയിരുന്ന ഡസൻ കണക്കിന് വൻകെട്ടിടങ്ങളിലൊന്നിന്റെ ജനലിലൂടെ ഒരു ദിവസം അയാൾ സാഗരഗരിമ നോക്കിനിൽക്കുകയായിരുന്നു. താനൊരു മത്സ്യമായിരുന്നുവല്ലോയെന്ന് അയാൾക്ക് പെട്ടന്ന് ഓർമ്മ വന്നു – ആഗോളതലത്തിൽ സ്റ്റോക്ക് മാർക്കറ്റിൽ വ്യാപൃതനായിരിക്കുന്ന, പല കമ്പനികളേയും നിയന്ത്രിച്ചിരുന്ന, ഒരു ധനികനായ മത്സ്യം. എങ്കിലും താനൊരു വെറും മത്സ്യമായിരുന്നെന്ന് അയാൾ ഓർത്തു – കടലിലെ ഉപ്പ് വർഷങ്ങളായി രുചിച്ചിട്ടില്ലാത്ത മത്സ്യം.

എഴുത്തു നിർത്തി പേന അടച്ചുവെക്കുന്നതു കണ്ടപ്പോൾ അദ്ധ്യാപിക ചോദ്യഭാവത്തിൽ അവിയഡിനെ നോക്കി. “എന്റെ കഥയ്ക്ക് ഒരു അവസാനമില്ല,” അപ്പോഴും എഴുതിക്കൊണ്ടിരുന്ന മദ്ധ്യവയസ്കകളെ ശല്യപ്പെടുത്താതെ, ക്ഷമാപണത്തോടെ, സ്വരം താഴ്ത്തി അയാൾ മന്ത്രിച്ചു!

{മറുമൊഴി: പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc., Ph.D.**}